(ബി) കേന്ദ്രത്തിന്റെ ഈ പദ്ധതിപ്രകാരം ഈ ഗൺമെന്റ് നിലവിൽ വന്നതിനുശേഷം കേന്ദ്ര സഹായം ലഭിക്കുന്നതിന് സംസ്ഥാനം എന്തെല്ലാം പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിച്ചു ;

(സി) ഈ പദ്ധതിയനുസരിച്ച് സംസ്ഥാനത്തിന് എന്ത് ധനസഹായം ലഭിച്ചു ; വിശദാംശം വ്യക്തമാക്കാമോ ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) :

(എ-സി) കേന്ദ്രഗവൺമെന്റിന്റെ സെൻട്രൽ റോഡ് ഫണ്ട്സ്കീമിൽ സഹായം ലഭിക്കുന്നുണ്ട്. പതിമൂന്ന് ജില്ലാറോഡുകളുടെ വികസനത്തിനായി 3545 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്രമന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. 2002-03-ൽ 1875 ലക്ഷം രൂപ സഹായമായി ലഭിച്ചു.

ആയിരംപേർ താമസിക്കുന്ന പ്രദേശങ്ങളെ റോഡുമായി ബന്ധിപ്പിക്കുന്ന കേന്ദ്ര പദ്ധതി

9 (* 638) ശ്രീ. പി. എസ്. സുപാൽ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയിരംപേർ താമസിക്കുന്ന എല്ലാ പ്രദേശങ്ങളെയും റോഡുമായി ബന്ധിപ്പിക്കുന്ന കേന്ദ്ര പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഈ പദ്ധതി കേരളത്തിൽ നടപ്പാക്കുന്നതിനാവശ്യമായ പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതിക്കുവേണ്ടി എത്ര കേന്ദ്ര സഹായം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ) ഗ്രാമീണ മേഖലയിൽ ആയിരമോ അതിൽ അധികമോ ജനസംഖ്യയുള്ള ഒറ്റപ്പെട്ടുകിടക്കുന്ന ആവാസ കേന്ദ്രങ്ങളെ പ്രധാന റോഡുകളുമായി ബന്ധപ്പെടുത്തുന്നതിന് 2000-01 മുതൽ പ്രധാനമന്ത്രിയുടെ ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ.) എന്ന പേരിൽ ഒരു കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 2000-01 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സഹായമായി 19.71 കോടി രൂപയും, 2001-02 വർഷത്തിൽ 27.65 കോടി രൂപയും 2002-2003-ൽ 11.43 കോടി രൂപയും ഈ പദ്ധതിക്ക് കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്. 2003-2004 വർഷത്തേക്ക് കേന്ദ്ര സർക്കാർ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള സംസ്ഥാനത്തിന്റെ വിഹിതം 20 കോടി രൂപയാണ്. കൂടാതെ 2002-03-ൽ അനുവദിച്ച തുകയിൽ ബാക്കിയുള്ള 7.1 കോടി രൂപയും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly